"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - സിമെറ്റിന് കീഴിൽ പ്രവർത്തിക്കുന്ന നഴ്സിംഗ് കോളേജുകൾ ക്ക് GeM portal മുഖേന ബസ് വാങ്ങുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.3623/2025/H&FWD തീയതി,തിരുവനന്തപുരം, 18-11-2025

---

പരാമർശം:- സിമെറ്റ് ഡയറക്ടറുടെ 26.07.2025 ലെ ബി/2241/2025/സിമെറ്റ് നമ്പർ കത്ത്

**ഉത്തരവ്**

സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എജ്യൂക്കേഷൻ ആൻഡ് ടെക്നോളജിക്ക് (സിമെറ്റ്) കീഴിൽ പ്രവർത്തിച്ചു വരുന്ന നെയ്യാറ്റിൻകര, കോന്നി, നൂറനാട് എന്നീ നഴ്സിംഗ് കോളേജുകളും വിവിധ പരിശീലന കേന്ദ്രങ്ങളും തമ്മിലുള്ള ദൂരം ക്ലിനിക്കൽ, അക്കാദമിക സമയക്രമങ്ങളിൽ ബുദ്ധിമുട്ടുണ്ടാക്കുന്നതിനാലും ടി കോളേജുകളിൽ നിലവിൽ ഓരോ ഡ്രൈവർ തസ്തിക ഉള്ളതിനാലും കോളേജുകൾക്കായി GeM പോർട്ടൽ മുഖേന മൂന്ന് ബസുകൾ വാങ്ങാൻ അനുമതി നൽകണമെന്ന് സിമെറ്റ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ , സിമെറ്റിനു (സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എജ്യൂക്കേഷൻ ആൻഡ് ടെക്നോളജി) കീഴിൽ പ്രവർത്തിച്ചു വരുന്ന നെയ്യാറ്റിൻകര, കോന്നി, നൂറനാട് എന്നിവിടങ്ങളിലെ നഴ്സിംഗ് കോളേജുകൾക്കായി ആകെ 3 ബസ്സുകൾ, ബസ്സൊന്നിന് 29 ലക്ഷം രൂപ നിരക്കിൽ GeM പോർട്ടൽ മുഖേന വാങ്ങുന്നതിന്, നിലവിലെ വ്യയനിയന്ത്രണ ഉത്തരവുകളിൽ ഇളവ് വരുത്തി, അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സിമെറ്റ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്
കരുതൽ ഫയൽ (C3/247/2025-HEALTH)

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 19-11-2025 10:29:54

സെക്ഷൻ ഓഫീസർ